# MESSAGE OF THE KHALIFATULLAH
## HAZRAT MUNIR AHMAD AZIM (A)

**21 MARCH 2020**
**(27 RAJAB 1441 AH)**

# MIRAJ & ISRA
# മിഅ്റാജ് & ഇസ്റാഅ്

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ **2020 മാർച്ച് 21 ശനിയാഴ്ച ഖലീഫത്തുല്ലാഹ് ഹസ്രത് മുനീർ അഹ്മദ് അസീം (atba) നല്കിയ സന്ദേശം**

മിഅ്റാജ് ഷെരീഫിനോടനുബന്ധിച്ച് 2020 മാർച്ച് 21 ശനിയാഴ്ച ഇശാഅ് നമസ്ക്കാരനന്തരം മിഅ്റാജ്, ഇസ്റാഅ് എന്നിവ സംബന്ധിച്ച് ഖലീഫത്തുല്ലാഹ് തന്റെ അനുയായികളോട് സംസാരിക്കുകയുണ്ടായി. സദസ്യരെ സലാം കൊണ്ട് അഭിവാദ്യം ചെയ്ത് തശ്ശഹ്ഹുദും, തഅവ്വുദും, സൂറ അൽഫാത്തിഹയും ഓതി ഖലീഫത്തുല്ലാഹ് വിഷയത്തിലേക്ക് കടക്കുകയുണ്ടായി.

## മിഅ്റാജ്, ഇസ്റാഅ്

വാനലോകത്തിലേക്കും, ജുറുസലേമിലെ അഖ്സാ മസ്ജിദിലേക്കുമായി തിരുനബി(സ) നടത്തിയതായി ഇസ്ലാമിക സാഹിത്യത്തിൽ, രേഖപ്പെടുത്തിയിരിക്കുന്ന രണ്ട് യാത്രകളെ സൂചിപ്പിക്കുന്ന പദങ്ങളാണ് മിഅ്റാജ്, ഇസ്റാഅ് എന്നിവ.

ഈ രണ്ടു യാത്രകളും അല്ലാഹുവിന്റെ കല്പനപ്രകാരം മുഹമ്മദ് നബി(സ) നടത്തിയവയാണ്. മുഖ്യദൈവദൂതനായ ജിബ്രീൽ (അ)ന്റെ നേതൃത്വത്തിൽ നടന്ന ഈ യാത്രകളിൽ ഒന്നിൽ ഇസ്മാഅ് എന്ന സ്ഥലത്തും, രണ്ടാമത്തേതിൽ ജറുസലേമിലും നബി(സ) സന്ദർശനം നടത്തുകയുണ്ടായി.

അറബിഭാഷയിൽ ഇസ്മാഅ് എന്ന പദം ഏതെങ്കിലും ഒന്നിന്റെ മുകളിലായി ഉയർന്ന തലത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഒന്നിനെ സൂചി

പ്പിക്കുന്നതിന് ഉപയോഗിക്കുന്നു. ഒരർത്ഥത്തിൽ ഇത് ആകാശ മണ്ഡലത്തെ (നക്ഷത്രമണ്ഡലത്തെ) സൂചിപ്പിക്കുന്നു.

മുഹമ്മദ് നബി(സ)യുടെ വഫാത്ത് (മരണം) മുതൽ ഇക്കാലം വരെ ദൈവശാസ്ത്രപരമായ ചർച്ചകളിൽ പ്രമുഖസ്ഥാനം പിടിച്ചു വരുന്ന വിഷയങ്ങളാണ്, ഇസ്റാഅ്, മിഅ്റാജ് എന്നിവ. ഈ പറഞ്ഞ രണ്ടു യാത്രകളും ഒരു രാത്രിയ്ക്കുള്ളിൽ പൂർണ്ണമായി എന്നാണ് ഇസ്ലാമിക സാഹിത്യങ്ങളും, ചരിത്ര ഗ്രന്ഥങ്ങളും നമുക്ക് മനസ്സിലാക്കി തരുന്നത്. ഇസ്ലാമിക ചരിത്രകാരന്മാരുടേയും വ്യാഖ്യാതാക്കളുടെയും വിശദീകരണങ്ങൾ നമുക്ക് ഇവ സംബന്ധിച്ച് ആഴത്തിൽ പഠിയ്ക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നുണ്ട്. പക്ഷേ, ഗ്രന്ഥങ്ങളിൽ കാണാത്ത അനേകം വിവരങ്ങൾ ജനങ്ങൾ കണ്ണടച്ച് സ്വീകരിച്ചു വരുന്നതായും നമുക്ക് കാണാം.

മുസ്ലിംകളിൽ ചിലരും, ഇസ്ലാമികേതര ചരിത്രകാന്മാരും, മിഅ്റാജും, ഇസ്റാഉം ഒരേ സംഭവത്തെ സൂചിപ്പിക്കുന്ന രണ്ടു പേരുകൾ ആണെന്നാണ് കരുതിയിരിക്കുന്നത്. എന്നാൽ വിശുദ്ധഖുർൻ നമ്മെ പഠിപ്പിക്കുന്നത് ഇവ രണ്ടും, രണ്ട് വ്യത്യസ്ത സന്ദർഭങ്ങളിലായി നടന്ന രണ്ടു സംഭവങ്ങളാണ് എന്നാണ്. ഇവയ്ക്ക രണ്ടിനു ആത്മീയ തലത്തിലും, അവയുടെ കാരണങ്ങൾക്കും, ചില സാമ്യങ്ങളുണ്ട് എന്നത് വാസ്തവമാണ്.

മിഅ്റാജ് മുഹമ്മദ് നബി(സ) മക്കയിൽ നിന്നും സ്വർഗ്ഗത്തിലേക്ക് നടത്തിയ ആത്മീയ യാത്രയാണ്. ഈ യാത്രയിൽ അദ്ദേഹം അല്ലാഹു (ത)യുടെ സവിധത്തിൽ ഹാജരാക്കപ്പെടുകയും ചെയ്യപ്പെട്ടു. എന്നാൽ ഇസ്റാഅ് എന്ന ആത്മീയ യാത്രയിൽ മുഹമ്മദ് നബി(സ)യെ ജറുസലേമിലെ വിശുദ്ധ ദേവാലയമായ അഖ്സാ മസ്ജിദിലേക്ക് കൊണ്ടുപോവുകയാണുണ്ടായത്.

വിശുദ്ധഖുർആൻ ഈ രണ്ടു യാത്രകളെ സംബന്ധിച്ച് രണ്ട് അധ്യായങ്ങളിലായി വിശദമാക്കിയിരിക്കുന്നു. അതുപോലെ തന്നെ, ഇവ രണ്ടും രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിൽ നടത്തിയവാണെന്നും വ്യക്തമാക്കുന്നുണ്ട്. സൂറ അന്നജ്മിൽ (ആദ്യഭാഗം) മിഅ്റാജ്-നെപ്പറ്റി സൂചിപ്പിക്കുന്നു. സൂറാ ബനീ ഇസ്റാഈൽ/ ഇസ്റാഅ്-ൽ (ആദ്യഭാഗം) ഇസ്റാഅ്-നെപ്പറ്റി വിശദവിവരണം കാണാം.

സൂറ അന്നജ്മിൽ–മിഅ്റാജ് നെപ്പറ്റിയുള്ള സൂചനകൾ കാണുന്നുണ്ടെങ്കിലും ജറുസലേം യാത്രയെപ്പറ്റി സൂചനകൾ ഇല്ല. അതുപോലെതന്നെ, സൂറാ ഇസ്റാഅ് ൽ (ബനീ ഇസ്റാഈൽ) മിഅ്റാജ്ന്റെ ലക്ഷ്യസ്ഥാനമായ ഇസ്മാഅ്യെപറ്റി പറയുന്നില്ല.

ഇതു സംബന്ധമായ അംഗീകരിക്കപ്പെട്ട ഹദീസുകൾ പഠന വിധേയമാകുമ്പോൾ, നമുക്കു വ്യക്തമാകുന്നത് ഇസ്റാഅ്, മിഅ്റാജ് എന്നിവ രണ്ടു വ്യത്യസ്ത സംഭവങ്ങളെയാണ് സൂചിപ്പിക്കുന്നത് എന്നതാണ്.

ഏറ്റവും കൂടുതൽ അംഗീകരിയ്ക്കപ്പെട്ട സഹിഹൂൽ ബുഖാരിയിൽ, ബുഖാരി ഈ രണ്ട് സംഭവങ്ങളെയും രണ്ട് അധ്യായങ്ങളിലായാണ് അവതരിപ്പിച്ചിരിക്കുന്നത്. അത് സൂചിപ്പിക്കുന്നത് ഇവ രണ്ടും രണ്ട് വ്യത്യസ്തസംഭവങ്ങളായി അദ്ദേഹം പരിഗണിച്ചിരുന്നു എന്നാണ്–അതായത് മിഅ്റാജ് മുഹമ്മദ് (സ) സ്വർഗ്ഗത്തിലേക്ക് നടത്തിയ യാത്രയും ഇസ്റാഅ് അദ്ദേഹം ജറുസലേയിലേക്ക് പോയതും വിശദമാക്കുന്നു.

ബുഖാരി ആറ് സ്ഥലങ്ങളിൽ മിഅ്റാജിനെപ്പറ്റി പറയുന്നുണ്ട്. പക്ഷേ, അവയിലൊന്നിലും ജറുസലേം യാത്ര സൂചിപ്പിക്കുന്നതേയില്ല. ഇവയിൽ എല്ലാം തന്നെ അത് സ്വർഗ്ഗത്തിലേക്കുള്ള യാത്രയായിരുന്നു എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്.

വിശുദ്ധ പ്രവാചക(സ)ന്റെ ജീവചരിത്രങ്ങളും, ചരിത്രഗ്രന്ഥങ്ങളുമെല്ലാം തന്നെ ഈ ഒരു നിഗമനത്തിൽ എത്തുന്നതിനാണ് നമ്മെ പ്രേരിപ്പിക്കുന്നത്. ഇബ്നു ഹിഷാം (ദിക്റുൽ ഇസ്റാഅ്) ഈ രണ്ടു സംഭവങ്ങളേയും, പ്രത്യേകം പ്രത്യേകമായിട്ടാണ് പറഞ്ഞിരിക്കുന്നത്.

അദ്ദേഹം നമ്മെ പഠിപ്പിക്കുന്നത് തിരുനബി(സ) ഇസ്റാഅ്–ൽ മക്കയിലേക്ക് മടങ്ങി വന്നതായും, മിഅ്റാജ് മറ്റൊരു സന്ദർഭത്തിലാണ് നടന്നത് എന്നും ആണ്. പ്രശസ്ത ചരിത്രകാരനായ ഇബ്നു സഅദ് ഈ രണ്ടു സംഭവങ്ങളും വ്യത്യസ്ത ദിനങ്ങളിലാണ് നടന്നത് എന്ന് സൂചിപ്പിക്കുന്നു. മറ്റു പണ്ഡിതന്മാരും ഇതേ അഭിപ്രായമുള്ളവരാണ്. (സുർഖാനി; ഇസ്റാഅ്, ഖമീസ്; ദിക്ക്റുൽ ഇസ്റാഅ്വൽ മിഅ്റാജ്)

മിഅ്റാജ് ഇസ്റാഅ് എന്നിവ സംബന്ധിച്ച് നമുക്കിടയിൽ നില നില്ക്കുന്ന മറ്റൊരു തെറ്റായ ധാരണ മുഹമ്മദ് നബി(സ) തന്റെ ഭൗതീക ശരീരം ഉപയോഗിച്ചാണ് ഈ രണ്ടു യാത്രകളും നടത്തി യത് എന്നത്രേ. അതേ സമയം, വിശുദ്ധഖുർആനും, ഹദീസ് ഗ്രന്ഥ ങ്ങളും മറ്റ് പ്രധാന ചരിത്രഗ്രന്ഥങ്ങളും ഈ സംഗതിയെ ശക്തി യുക്തം എതിർക്കുന്നു.

മിഅ്റാജ് സംബന്ധിച്ച് വിശുദ്ധഖുർആനിൽ ഇപ്രകാരം പറ യുന്നു; (നബിയുടെ) ഹൃദയം കണ്ടത് വ്യാജമാക്കിയിട്ടില്ല (അന്ന ജ്മ്)

ഈ സൂക്തം വിരൽ ചൂണ്ടുന്നത് മിഅ്റാജ് തീർത്തും ആത്മീ യമായ ഒരു യാത്രയാണെന്നും അത് സ്വപ്നത്തിലാണ് സംഭവിച്ചത് എന്നും ഒരിയ്ക്കലും ശാരീരകമായ രീതിയിലുള്ള ഒന്നായിരുന്നില്ലാ എന്നുമത്രേ. ഹദീസ് ഗ്രന്ഥങ്ങളും ഇതു ശരിവെയ്ക്കുന്നുണ്ട്. ഈ യാത്രയിൽ മുഹമ്മദ് നബി(സ) കിടക്കയിൽ ഉറക്കത്തിലായിരുന്നു എന്നാലും എന്നാലാ രാത്രിയിലെ ഉറക്കം സാധാരണ രാത്രികളി ലേതിൽ നിന്നും തീർത്തും വ്യത്യസ്ത രീതിയിലായിരുന്നു എന്നു മാണ് ഹദീസ് ഗ്രന്ഥങ്ങളിൽ നിന്നും വ്യക്തമാകുന്നത്. ആ ഉറക്ക ത്തിൽ തിരുനബി(സ) ജാഗ്രതാവസ്ഥയിലായിരുന്നു. (പഞ്ചേന്ദ്രിയ ങ്ങളും ഉണർന്നിരിക്കുകയും, എന്നാൽ ഭൗതിക ചുറ്റുപാടുകളിലു ള്ളതിനോട് പ്രതികരിയ്ക്കാതെ ആത്മീയമായ തലത്തിൽ ഉണർന്നി രിക്കുകയും ചെയ്യുന്ന അവസ്ഥ) ബുഖാരിയിൽ നബി(സ)യുടെ നിദ്രസംബന്ധിച്ച വിശദമായ റിപ്പോർട്ട് കാണാം. (ബുഖാരി അബ്ഹബ് – സിഫത്തുൽ നബി)

മറ്റൊരു റിപ്പോർട്ടിൽ കാണുന്നതും മേൽപ്പറഞ്ഞതുപോലെ തന്നെയാണ്. അതിൽ നബിയുടെ മിഅ്റാജ് അനുഭവത്തെ ഇങ്ങനെ വിശദമാക്കുന്നു. നബി(സ)യുടെ ഈ അനുഭവം മറ്റാർക്കും അനു ഭവപ്പെട്ടിട്ടില്ലാത്ത ഒന്നായിരുന്നു. ആ വേളയിൽ തിരുമേനി ഗാഢ നിദ്രയ്ക്കും, ബോധാവസ്ഥയ്ക്കും ഇടയ്ക്കുള്ള ഒരു അവസ്ഥയിലാ യിരുന്നുവത്രേ. അതായത് തിരുമേനി(സ) ഉറക്കാവസ്ഥയിലോ, ഉണർന്നിരിക്കുന്ന ബോധാവസ്ഥയിലോ ആയിരുന്നില്ല ഇത് രണ്ടിനും ഇടയിലുള്ള ഒന്നിലായിരുന്നു. മൂന്നാമതൊരു റിപ്പോർട്ടിൽ

തിരുനബി(സ) ഈ അനുഭവത്തിനു ശേഷം നിദ്രവിട്ടുണർന്നു എന്നും കാണാം. നാലാമതൊരു റിപ്പോർട്ടിൽ ഹസ്രത് ആയിഷ (റ) ഇങ്ങനെ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. തിരുനബി(സ) തന്റെ സ്വന്തം കണ്ണുകൾകൊണ്ട് അല്ലാഹുവിനെ കണ്ടിരിക്കുന്നു എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അത് തീർത്തും കളവാണ്. അത് പറയുന്ന ആളിനെ അവർ വിശ്വസിക്കരുത്.

വിശുദ്ധപ്രവാചകനെക്കുറിച്ചുള്ള ജീവചരിത്ര ഗ്രന്ഥങ്ങളിൽ ഇതേ വസ്തുതകൾ തന്നെയാണ് കാണുന്നത്. മിഅ്റാജ് രാത്രിയിൽ തിരുനബി(സ)യുടെ ശരീരം ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിരുന്നില്ല, മറിച്ച് ഇവിടെത്തന്നെയുണ്ടായിരുന്നു എന്ന് ഇബ്നുഇഷറഖ് തന്റെ ഗ്രന്ഥത്തിൽ പറയുന്നു.

ഇബ്നുഇഷറഖ് –നെ സംബന്ധിച്ച്–അത് അല്ലാഹു(ത) തിരുനബി(സ)യ്ക്ക് കാണിച്ചുകൊടുത്ത ഒരു സ്വപ്നദർശനമായിരുന്നു എന്ന് വ്യക്തം. പ്രസ്തുത സ്വപ്നത്തിന് ഒരുപാട് പ്രത്യേകതകളുമുണ്ടായിരുന്നു. ഇതിന്റെ മൂന്ന് പ്രത്യേകതകൾ വിശുദ്ധഖുർആനിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. അവ :

1. അത് രാത്രിയിലാണ് നടന്നത്
2. ലൈലൻ എന്ന് അറബിക് പദം കൊണ്ട് ഒറ്റരാത്രി എന്നാണ് അർത്ഥമാക്കുന്നത്. ആയതിനാൽ പുറത്തേക്കുള്ള (ജറുസലേമിലേക്ക്) യാത്രയും തിരിച്ചു വരവും ഒരൊറ്റ രാത്രിയിൽ തന്നെയാണ് നടന്നത്.
3. ദൈവത്തിന്റെ അതിമഹത്തായ ദൃഷ്ടാന്തങ്ങൾ തിരുനബി(സ)യ്ക്ക് അനുഭവവേദ്യമാക്കുക, ദൈവീക ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്ന വിധം എങ്ങനെയെന്ന് പഠിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തപ്പെട്ടതാണ് ഇസ്റാഅ്.

ഈ മൂന്നു സവിശേഷഗുണങ്ങളെപ്പറ്റി വിചിന്തനം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാവുന്ന വസ്തുത ഈ അനുഭവം ഭൗതികമായ ഒന്നായിരുന്നില്ല മറിച്ച്, ആത്മീയമായ ഒന്നായിരുന്നു എന്നതാണ്.

ഒന്നാമതായി, അക്കാലങ്ങളിൽ ദൂരയാത്ര പകൽ സമയങ്ങളിലാണ് നടത്തിയിരുന്നത്. ഒഴിവാക്കാനാവാത്ത അപൂർവ്വം അവസരങ്ങളിൽ മാത്രമേ രാത്രിയിൽ യാത്ര പുറപ്പെട്ടിരുന്നുള്ളു. ഇസ്റാഅ് അർദ്ധരാത്രിയിലാണ് നടത്തപ്പെട്ടത് എന്നാണ് അത് സൂചിപ്പിക്കുന്ന

ത്. അതൊരു ആത്മീയാനുഭവം ആയിരുന്നു എന്നാണ്.

രണ്ടാമതായി, ഇസ്റാഅ്-യാത്ര അർദ്ധരാത്രിയിൽ തന്നെ പൂർത്തിയാക്കപ്പെട്ടു എന്ന് വിശ്വസിക്കാൻ കാരണം അന്ന് നിലവിലുണ്ടായിരുന്ന യാത്രാ സൗകര്യങ്ങൾ ഉപയോഗിച്ച് ഒറ്റ രാത്രി കൊണ്ട് യാത്ര പൂർത്തിയാക്കുവാൻ സാധിക്കില്ല എന്നതാണ്. അതുകൊണ്ടാണ് ഈ യാത്ര ശാരീരികമായി നടത്തിയ യാത്രയല്ല, മറിച്ച്, ആന്തരികമായ അപഗ്രഥന ശേഷി ഉപയോഗിച്ച് നടത്തിയ ആത്മീയ യാത്രയാണ് എന്ന് പറയുന്നത്.

മൂന്നാമതായി, ഈ യാത്രയുടെ ഉദ്ദേശ്യം തിരുനബി(സ)യ്ക്ക് ദൈവത്തിന്റെ അതിമഹത്തായ ദൃഷ്ടാന്തങ്ങൾ കാട്ടിക്കൊടുക്കുകയും അനുഭവവേദ്യമാക്കുകയും ചെയ്യുക എന്നതു മാത്രമായിരുന്നു. ഈ വസ്തുതയും, മുകളിൽ പറഞ്ഞപോലെയുള്ള നിഗമനത്തിൽ-(ഇതൊരു ആത്മീയ യാത്രയാണ്) എത്തിച്ചേരുന്നതിന് സഹായിക്കുന്നു.

മക്കയിൽ നിന്നും ജറുസലേമിലേക്കും, തിരികെ അവിടെ നിന്ന് മക്കയിലേക്കും ഉള്ള യാത്ര ഒറ്റരാത്രിയിൽ പൂർത്തിയാക്കാൻ സാധാരണഗതിയിൽ അന്നത്തെ കാലത്ത് ഒരാൾക്കും സാധിക്കുകയില്ല. സമയത്തെ, അതും അതിശയിപ്പിച്ച് നടത്തിയ യാത്ര, ഒരു ആത്മീയ സത്യം പ്രവാചകനെ പഠിപ്പിച്ചുകൊടുക്കുന്നതിനും അതിൽ നിന്നും അദ്ദേഹത്തിന് പ്രയോജനമെടുക്കുന്നതിനും വേണ്ടി-പക്ഷേ, ഈ യാത്രാനുഭവം ആത്മീയതലത്തിലുള്ള ഒന്നാണ് എങ്കിൽ; ഈ അനുഭവം തനിക്കും തന്റെ അനുയായികൾക്കും അല്ലാഹു നീക്കിവച്ചിരിക്കുന്ന ആത്മീയവും, ഭൗതീകവുമായ മഹനീയ സ്ഥാനങ്ങളെപ്പറ്റി അറിവു പകരാൻ സഹായിച്ച ഒന്നായിരുന്നു എങ്കിൽ, ഈ യാത്രനുഭവം തിരുമേനി (സ)ക്ക് മാത്രമല്ല മറിച്ച്, അദ്ദേഹത്തിന്റെ സന്തത സഹചാരികൾക്കും പ്രയോജനം നല്കുക തന്നെ ചെയ്യും. മാത്രവുമല്ല ആ സ്വപ്നം മഹത്തായ പല പ്രവചനങ്ങളുടെയും സാക്ഷാത്ക്കാരമായി വർത്തിക്കുകയും ചെയ്യും.

ഇസ്റാഅ്-നെ സംബന്ധിച്ച് പറയുമ്പോൾ വിശുദ്ധഖുർആനിൽ **'റുഅ്യ'** എന്ന പദം ഉപയോഗിച്ചിരിക്കുന്നു. പ്രസ്തുത വാക്കിന്റെ അർത്ഥം സ്വപ്നം എന്നാണ്. അടിസ്ഥാനപരമായ ഈ പ്രാഥമിക വിവരങ്ങളുടെ സഹായത്തോടെ നമുക്ക് മിഅ്റാജ്, ഇസ്റാഅ്-ഇ

വയെപ്പറ്റി വിശുദ്ധഖുർആൻ പഠിപ്പിക്കുന്നത് നോക്കാം.

മിഅ്റാജ് നെ സംബന്ധിച്ച് അത് ഇങ്ങനെ പറയുന്നു.

അതായത്, വിവിധ രൂപത്തിൽ പല തവണ പ്രകടമാകുന്ന ശക്തിയുടെ നാഥൻ, അങ്ങനെ അവൻ (തന്റെ സിംഹാസനത്തിന്മേൽ) ആസനസ്ഥനായി, അദ്ദേഹം അത്യുന്നത ദിങ്മണ്ഡലത്തിലായിരിക്കവെ (അല്ലാഹു അദ്ദേഹത്തിന് തന്റെ വചനം പഠിപ്പിച്ചു) പിന്നെ അദ്ദേഹം (അല്ലാഹുവിലേക്ക്) കൂടുതൽ അടുത്തു. അപ്പോൾ അവനും (അല്ലാഹുവും, മുഹമ്മദ് നബി(സ)യുമായുള്ള കൂടിക്കാഴ്ചക്കു വേണ്ടി) കീഴ്പോട്ട് ഇറങ്ങി. അങ്ങനെ അദ്ദേഹം രണ്ടു വില്ലുകളുടെ ഒരു വാർപോലെ ആയിത്തീർന്നു. അല്ലെങ്കിൽ അതിനേക്കാൾ അടുത്ത സ്ഥിതിയിൽ എന്നിട്ട്, അവൻ തന്റെ ദാസന് താൻ ഉദ്ദേശിച്ചതെന്തോ അത് സന്ദേശമായി അവതരിപ്പിച്ചു. (നബിയുടെ) ഹൃദയം കണ്ടത്, അത് വ്യാജമാക്കിയിട്ടില്ല. അപ്പോൾ, അദ്ദേഹം കാണുന്നതിനെപറ്റി നിങ്ങൾ അദ്ദേഹത്തോട് തർക്കിക്കുകയാണോ? അദ്ദേഹം അവനെ (അല്ലാഹുവിനെ) മറ്റൊരിക്കൽ കൂടി കണ്ടിട്ടുണ്ട്. സിദ്റത്തുൽ മുൻതഹായുടെ അരികിൽവെച്ച് അതിനടുത്താണ് നിത്യവാസത്തിനുള്ള ഉദ്യാനം. ആവരണം ചെയ്യുന്നതെന്തോ അതെല്ലാം ആ ഇലന്തവൃക്ഷത്തെ ആവരണം ചെയ്യുകയായിരുന്നപ്പോൾ. ദൃഷ്ടി (ലക്ഷ്യത്തിൽ നിന്ന്) തെറ്റിയിട്ടില്ല. അത് അതിരു കടന്ന് പോയിട്ടുമില്ല. തദവസരത്തിൽ, അദ്ദേഹം തന്റെ നാഥന്റെ അതിമഹത്തായ ദൃഷ്ടാന്തങ്ങളെ കണ്ടു.

(അന്നജ്മ് 53:7–19)

ഈ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്ന ഹദീസുകൾ പക്ഷേ അവയുടെ വ്യാഖ്യാനങ്ങളിൽ ഭിന്നാഭിപ്രായമാണ് കാണിച്ചിരിക്കുന്നത്. റിപ്പോർട്ട് ചെയ്യേണ്ട നിയമങ്ങൾ പ്രകാരം തീരെ വിശ്വസനീയമല്ലാത്തവയിൽ നല്കിയിരിക്കുന്ന വിവരങ്ങൾ വ്യക്തമായിരിക്കില്ല. ആയതിനാൽ വിശ്വസനീയ ഹദീസുകളിൽ രേഖപ്പെടുത്തപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ സംഭവങ്ങളെപ്പറ്റി നമുക്ക് വിശകലനം ചെയ്യാം.

ഒരു രാത്രിയിൽ പുണ്യപ്രവാചകൻ(സ) കഅ്ബായുടെ ഹാംതിം എന്നു വിളിയ്ക്കപ്പെടുന്ന ഭാഗത്ത് മയങ്ങികിടക്കുകയായിരുന്നു. ആ മയക്കത്തിൽ മലക്ക് ജിബ്രീൽ(അ) അദ്ദേഹത്തിന് വെളിപ്പെടുകയും

അദ്ദേഹത്തോട് ഉണരുവാൻ ആവശ്യപ്പെടുകയും ചെയ്തു.ശേഷം അദ്ദേഹത്തെ (തിരുനബി (സ)യെ) സംസം കിണറിനരികിലേക്ക് നയിച്ചു. അവിടെവച്ച് ജിബ്രീൽ(അ) തിരുനബി(സ)യുടെ നെഞ്ചിൻ കൂട് തുറന്ന് ഹൃദയത്തെ പുറത്തേക്ക് എടുക്കുകയും അത് ആ പരിശുദ്ധ ഉറവയിലെ നീരിനാൽ കഴുകി വൃത്തിയാക്കി അതിൽ ദൈവവിശ്വാസവും വിവേകവും നിറച്ചതിനു ശേഷം തിരികെ യഥാ സ്ഥാനത്ത് വയ്ക്കുകയും ചെയ്തു. തുടർന്ന് ആ മലക്ക് അദ്ദേ ഹത്തെ (തിരുനബി (സ)യെ) സ്വർഗ്ഗത്തിലേക്ക് ആനയിച്ചു. ഒന്നാ നാകാശത്തെ വാതിലിൽ മലക്ക് ജിബ്രീൽ(അ) തട്ടിവിളിച്ചപ്പോൾ അകത്തു നിന്ന് ഒരു ശബ്ദം ആരാണ്? എന്നു ചോദിച്ചു. ജിബ്രീൽ (അ)തന്റെ പേരുപറയുകയും, തന്റെ കൂടെ വിശുദ്ധ പ്രവാചകൻ (സ)യും വന്നിട്ടുണ്ട് എന്ന് പറഞ്ഞു. ആ ശബ്ദം തിരികെ ചോദി ച്ചു. ജിബ്രീൽ(അ)അതെ എന്നുത്തരം നല്കിയ ഉടൻ തന്നെ വാതിൽ തുറക്കപ്പെടുകയും തിരുനബി(സ)യെ അകത്തേക്ക് സ്വാഗതം ചെയ്യപ്പെടുകയും ചെയ്തു. ഉള്ളിലേക്ക് പ്രവേശിച്ച തിരു നബി(സ) അവിടെ വയോധികനും ആദരണീയനുമായ ഒരു വ്യക്തിയെ കണ്ടു. അദ്ദേഹം തിരുനബി(സ) യെ ധർമ്മാനുസാരി യായ പ്രവാചകനെ, നീതിമാനായ മകനെ, അങ്ങയ്ക്ക് സ്വാഗതം എന്നു പറഞ്ഞ് സ്വീകരിച്ചു.

തിരുനബി(സ) അദ്ദേഹത്തെ പ്രത്യഭിവാദ്യം ചെയ്തു. അവിടെ തന്റെ ഇരുവശങ്ങളിലുമായി എണ്ണമറ്റ ആത്മാക്കളുടെ നിഴലുകൾ തിരുനബി(സ) ദർശിക്കുകയുണ്ടായി. വലതു ഭാഗത്തേക്ക് തിരി ഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖം സന്തോഷത്താൽ വിടരുകയും, ഇടതുവശത്തേക്ക് നോക്കിയപ്പോൾ അതികഠിനമായ വേദനായാ ലെന്ന വണ്ണം അദ്ദേഹത്തിന്റെ മുഖം പതറുകയും, വിളറി വെളു ക്കുകയും ചെയ്തു. തിരുനബി(സ) ജിബ്രീൽ(അ)യോട് ഈ ആദ രണീയ വ്യക്തി ആരാണെന്ന് അന്വേഷിച്ചു. ആദം നബി(അ) അത് എന്ന് ജിബ്രീൽ(അ) മറുപടി കൊടുത്തു. അദ്ദേഹത്തിന്റെ വലതു വശത്ത് കണ്ട നിഴലുകൾ അദ്ദേഹത്തിന്റെ (ആദം (അ)ന്റെ) സ്വർഗ്ഗ സ്ഥരായ പിൻമുറക്കാരുടേതും, ഇടതുവശത്ത് കണ്ട നിഴലുകൾ നരാവകാശികളായി മാറിയ പിന്മുറക്കാരുടേതും ആണെന്നും ജിബ്രീൽ(അ) അദ്ദേഹത്തോട് തിരുനബി(സ) യോട് പറഞ്ഞു.

ജിബ്രീൽ(അ) തുടർന്ന് തിരുനബി(സ) യെ ഉയർന്ന ആകാശ

മണ്ഡലങ്ങളിലേക്ക് നയിച്ചു. അങ്ങനെ അവർ മറ്റൊരു വാതിലിനരികിലെത്തി. ആദ്യത്തേതു പോലെ ഇതും അവർക്കായി തുറക്കപ്പെട്ടു. രണ്ടാമത്തെ വാതിൽ തുറന്ന് അകത്തേക്ക് കയറിയ തിരുനബി(സ) അവിടെ രണ്ടുപേരെ കണ്ടു. അവർ അദ്ദേഹത്തെ അല്ലയോ പ്രവാചകരെ, നീതിനിഷ്ഠനായ സഹോദരാ, താങ്കൾക്ക് സ്വാഗതം എന്നാശംസിച്ചു സ്വീകരിച്ചു. തിരുനബി(സ) അവരെ അഭിവാദനം ചെയ്തിട്ട് അവർ ആരൊക്കെയാണെന്ന് ജിബ്രീൽ(അ)യോട് ചോദിച്ചു. അവർ ഈസാ (അ)യും യഹ്യാ (അ) മാണ് എന്ന് അദ്ദേഹത്തോട് പറയപ്പെട്ടു. ജിബ്രീൽ(അ) അദ്ദേഹത്തെ നാലാനാകാശത്തും, അവിടെ നിന്ന് തിരുനബി(സ)വിടെ നിന്ന് അഞ്ചാനാകാശത്തും കൊണ്ടുപോയി. അവിടെ തിരുനബി(സ) യൂസുഫ് (അ) ഇദ്രീസ് (അ) ഹാറൂൺ (അ) എന്നിവരെ കണ്ടു.

ആറാനാകാശത്ത് അദ്ദേഹം തിരുനബി(സ) മൂസാ (അ) യെ കണ്ടു. ശേഷം അടുത്ത ആകാശമണ്ഡലത്തിലേക്ക് പോകാൻ തുടങ്ങിയപ്പോൾ മൂസാ(അ) ഏങ്ങലിച്ചു കരയുന്ന ശബ്ദം കേട്ടു. അപ്പോൾ താങ്കൾ എന്തിനാണ് കരയുന്നത് എന്ന് ഒരു ശബ്ദം അദ്ദേഹത്തോട് ചോദിക്കുന്നത് തിരുനബി(സ) കേട്ടു. മൂസാ (അ) തിരുനബി(സ)യെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്രകാരം മറുപടി നല്കി. നാഥാ, ഈ യുവാവ് എന്നെ പിന്തുടർന്ന് വന്നതാണ്. പക്ഷേ, അദ്ദേഹത്തിന്റെ അനുചരവൃന്ദം എന്റെ അനുചരവൃന്ദത്തേക്കാൾ എണ്ണത്തിൽ കൂടുതലായി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. എനിക്ക് ശേഷം വരുന്ന പ്രവാചകന്മാരിൽ ആരെങ്കിലും എന്നെ കടന്നു മുന്നേറുമെന്നത് ഞാനൊരിയ്ക്കലും ചിന്തിച്ചിരുന്നതേയില്ല.

അതിനു ശേഷം തിരുനബി(സ) ഏഴാനാകാശത്തേക്ക് പോവുകയുണ്ടായി. അവിടുത്തെ പ്രാർത്ഥനാ സ്ഥലമായ ബൈത്ത്-എ-മഅ്മൂറിൽ ചാരിയിരിക്കുന്ന നിലയിൽ ഇബ്രാഹിം നബി(അ) കണ്ടു. (സ്വർഗ്ഗീയ ലോകത്തെ പ്രാർത്ഥനാ സ്ഥലമായ ബൈത്ത് -എ-മഅ്മൂറിന്റെ പ്രതീകമാണ് പരിശുദ്ധ കഅ്ബ) വന്ദ്യവയോധിക കുലപതിയും, അല്ലാഹുവിന്റെ പ്രവാചകനുമായ ഇബ്റാഹീം നബി (അ) ഹസ്രത്ത് ആദം (അ)യെ പോലെ തിരുനബി(സ)യെ അഭിവാദ്യം ചെയ്തു.

പിന്നീട് തിരുനബി(സ)യെ അത്യുന്നത ദിങ്ങ്മണ്ഡലത്തിലേക്ക്

ആനയിയ്ക്കപ്പെട്ടു. നാളിതുവരെ മറ്റൊരു മനുഷ്യനും എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ലാത്ത ആ മണ്ഡലത്തിൽ അദ്ദേഹം എണ്ണമറ്റ തൂവലുകൾ ഒരേ സ്ഥലത്ത് ഇളകുന്നതുപോലെയുള്ള ശബ്ദം കേൾക്കുകയുണ്ടായി കല്പനകളെ സൂചിപ്പിക്കുന്നവയാകാം

പിന്നീട് തിരുനബി(സ) തന്റെ മുന്നിൽ ഒരു പ്രത്യേകതരം പഴങ്ങളോടു കൂടിയതും മിക്ക രാജ്യങ്ങളിലും കാണപ്പെടുന്ന ജനുസ്സിൽപെട്ടതുമായി ഒരുതരം മരം കാണുകയുണ്ടായി. ഈ മരം ഭൂമിയെയും സ്വർഗ്ഗത്തെയും വേർതിരിക്കുന്ന അതിരിലായാണ് നിന്നിരുന്നത്. അതിൽ അസാധാരണ വലുപ്പമുള്ള ഇലകളും, പഴങ്ങളും നിറഞ്ഞു നിന്നിരുന്നു. ആ മരം സൂക്ഷ്മമായി പഠിച്ചുകൊണ്ടിരുന്നപ്പോൾ മരത്തെ നോക്കി ചിന്തിച്ച് ധ്യാനനിമഗ്നനായി നിന്നപ്പോൾ) പറഞ്ഞറിയിയ്ക്കാനാവാത്ത ഒരു ദിവ്യതേജസ്സ് അദ്ദേഹത്തിലേക്കിറങ്ങി.

തിരുനബി(സ) ആ അനുഭവത്തെ ഇങ്ങനെ വിവരിക്കുകയുണ്ടായി. ആ അനുഭവത്തെ വിവരിക്കുവാൻ വാക്കുകൾ പോരാ. നാലുനദികൾ ആ മരത്തിന്റെ ചുവട്ടിൽ നിന്നും ഒഴുകിയിറങ്ങി–നൈൽ, യൂഫ്രട്ടീസ്, മറ്റു രണ്ടെണ്ണം–ആത്മീയമായിട്ടുള്ളവയായിരുന്നു–അവ സ്വർഗ്ഗത്തെ ലക്ഷ്യം വച്ചൊഴുകി. ആ സമയത്ത് തിരുനബി(സ) ജിബ്രീൽ(അ) യെ അദ്ദേഹത്തിന്റെ തനത് രൂപത്തിൽ ദർശിക്കുകയുണ്ടായി. ജിബ്രീൽ(അ)യ്ക്ക് അറുനൂറ് ചിറകുകൾ ഉള്ളതായി അദ്ദേഹം എണ്ണിത്തിട്ടപ്പെടുത്തുകയും ചെയ്തു. അവിടെ വച്ച് അല്ലാഹു തിരുനബി(സ)യ്ക്കു തന്റെ അതിമഹത്തായ ദൃഷ്ടാന്തമിറക്കി നല്കി.

പിന്നീട് തിരുനബി(സ)യെ സ്വർഗ്ഗത്തിൽ കൂട്ടിക്കൊണ്ടു പോവുകയും അല്ലാഹുവിന്റെ സന്നിധിയിൽ നേരിട്ടുള്ള ദർശനത്തിനായി പ്രവേശിപ്പിക്കുകയും ചെയ്തു. ഇടനിലക്കാരില്ലാതെ–മധ്യസ്ഥനില്ലാതെ–അല്ലാഹു(ത) തിരുനബി(സ) യോട് സംസാരിക്കുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് സന്തോഷവാർത്തകൾ നല്കുകയും, മുസ്ലിംകൾ നിത്യവും 50 പ്രാവശ്യം നമസ്ക്കാരത്തിലേർപ്പെടണമെന്ന് ദൈവീക കല്പനയെപ്പറ്റി അറിവു നല്കുകയും ചെയ്തു.

തിരികെ പോരുംവഴി വീണ്ടും മൂസാനബി(അ)യെ കണ്ടുമുട്ടി ആ സമയത്ത് അദ്ദേഹം തിരുനബി(സ)യ്ക്ക് അല്ലാഹു നല്കിയ ദൈവീക കല്പനകളെപ്പറ്റി അദ്ദേഹത്തോട് പറയുവാൻ തിരുനബി

(സ)യോട് ആവശ്യപ്പെട്ടു. മുസ്ലിംകൾക്ക് 50 നേരം നമസ്ക്കാരം കല്പനയാക്കിയിരിക്കുന്നു എന്ന് കേട്ടപ്പോൾ, അദ്ദേഹം അത്ഭുതപ്പെടുകയും ഇസ്രയേലികളിൽ നിന്നുമുള്ള തന്റെ വ്യക്തിപരമായ അനുഭവം വച്ച്,മുസ്ലിംകൾക്ക് ഈ നിർബന്ധ കർത്തവ്യം പൂർത്തിയാക്കാൻ ബുദ്ധിമുട്ടായിരിക്കുമെന്ന് പറഞ്ഞ്, ദൈവത്തിനോട് പ്രാർത്ഥനയിലെ എണ്ണത്തിൽ കുറവ് വരുത്തുത്തരുവാൻ അപേക്ഷിക്കുന്നതിന് തിരുനബി(സ)യ്ക്ക് ഉപദേശം നല്കുകയും ചെയ്തു.

അങ്ങനെ, തിരുനബി(സ)തിരികെ അല്ലാഹുവിലേക്ക് മടങ്ങിച്ചെന്ന് പ്രാർത്ഥനാപൂർവ്വം എണ്ണംകുറച്ച് കിട്ടുന്നതിന് അപേക്ഷിക്കുകയും അല്ലാഹു എണ്ണം നാല്പതാക്കി കുറച്ച് നല്കുകയും ചെയ്തു. ഈ എണ്ണം ജനങ്ങൾക്ക് പ്രയാസകരമാകും എന്നോർമ്മിപ്പിച്ച മൂസാ നബി (അ) തിരുനബി(സ)യെ വീണ്ടും അല്ലാഹുവിന്റെ സന്നിധിയിലേക്ക് മടക്കി അയയ്ക്കാൻ ശ്രമിച്ചു. എന്നാൽ പിന്നെയും പോയി എണ്ണം കുറച്ചു ചോദിയ്ക്കുന്നതിൽ ലജ്ജ തോന്നിയ തിരുനബി(സ) മൂസാ(അ)യുടെ വാക്കുകൾക്ക് ശ്രദ്ധകൊടുത്തില്ല. ആ നിമിഷത്തിൽ അവിടെ ഒരു അശരീരി മുഴങ്ങി. അത് ഇപ്രകാരമായിരുന്നു. നമസ്ക്കാരം എണ്ണത്തിൽ അഞ്ചാകുന്നു. പക്ഷേ, നമ്മുടെ കണ്ണുകളിൽ അവ അൻപത് ആയിരിക്കും. നാം അവരുടെ പ്രതിഫലം പത്തിരട്ടിയാക്കി വർദ്ധിപ്പിച്ചു നല്കുകയും ചെയ്യും.

ഇതിനുശേഷം തിരുനബി(സ) ഭൂമിയിലേക്കു മടങ്ങി, വിശുദ്ധ കഅ്ബയിൽ താൻകിടന്നിരുന്ന സ്ഥലത്തു നിന്നുതന്നെ ഉറക്കമുണരുകയും ചെയ്യുകയുണ്ടായി.

ചില വ്യാഖ്യാനങ്ങളിൽ തിരുനബി(സ) ബുറാഖ് എന്ന കുതിപ്പുറത്തേറിയാണ് സ്വർഗ്ഗത്തിലേക്ക് പോയത് എന്നും, 2 അല്ലെങ്കിൽ 3 കപ്പുകളിൽ പാലോ അല്ലെങ്കിൽ വൈനോ അദ്ദേഹത്തിനു നല്കപ്പെടുകയുണ്ടായി എന്നും ഒക്കെ കാണാവുന്നതാണ്.

പക്ഷേ, ഇവ രണ്ടും ഇസ്റാഅ്-മായി ബന്ധപ്പെട്ട സംഗതികളാണ്. റിപ്പോർട്ട് ചെയ്ത ആൾക്കാരുടെ ഭാഗത്തു നിന്നും അലംഭാവം മുഖേനയുണ്ടായ വീഴ്ചയാണ് ഇങ്ങനെയുള്ള സംശയങ്ങൾ (ആശയക്കുഴപ്പങ്ങൾ) ഉണ്ടാകുന്നതിന് കാരണമായിട്ടുള്ളത്.

ഇസ്റാഅ് എന്ന അറബിക് പദത്തിന് രാത്രിയിൽ ഒരു സ്ഥലത്തു

നിന്നും, മറ്റൊരു സ്ഥലത്തേക്ക് ഒരു വ്യക്തിയെ കൊണ്ടു പോവുക എന്നാണർത്ഥം. ഈ ആത്മീയ യാത്ര ഒരു രാത്രിയിൽ സംഭവിച്ചതു കൊണ്ടാണ് ഇസ്റാഅ് എന്നപേരുവന്നത്. ഈ സംഭവത്തെ സംബ ന്ധമായി വിശുദ്ധഖുർആനിൽ ഇപ്രകാരം പറയുന്നു.

തന്റെ ദാസനെ മസ്ജിദുൽ ഹറമിൽ നിന്ന് മസ്ജിദുൽ അഖ്സയി ലേക്ക്–അതിന്റെ പരിസരങ്ങളെ നാം അനുഗൃഹീതമാക്കിയിരിക്കു ന്നു–രാത്രിയിൽ പ്രയാണം ചെയ്യിച്ചവൻ എത്രയും പരിശുദ്ധൻ, നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് കാണിച്ചുകൊടു ക്കുന്നതിനു വേണ്ടി തീർച്ചയായും അവൻ എല്ലാം കേൾക്കുന്ന വനും കാണുന്നവനുമാകുന്നു.

തീർച്ചയായും നിന്റെ നാഥൻ ജനങ്ങളെ വലയം ചെയ്തിരിക്കു ന്നുവെന്ന് നാം നിന്നോട് പറഞ്ഞ അവസരം സ്മരിക്കുക. നാം നിനക്ക് കാണിച്ചു തന്ന ദർശനം മനുഷ്യർക്ക് ഒരു പരീക്ഷണം ആയി ട്ടല്ലാതെ നാം ആക്കിയിട്ടില്ല.

(ബനീ ഇസ്റാഅ്–ൽ 17:1,61)

## ഹദീസിലെ വ്യാഖ്യാനങ്ങളുടെ സംക്ഷിപ്തം

ഒരു രാത്രിയിൽ അല്ലാഹുവിന്റെ മലക്ക് വെളുത്തനിറമുള്ളതും, നീണ്ട ശരീരത്തോടു കൂടിയതും, കഴുതയേക്കാൾ വലുതും എന്നാൽ കോവർക്കഴുതയെക്കാൾ ചെറുതുമായ ഒരു മൃഗത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് തിരുനബി(സ)യുടെ മുന്നിൽ പ്രത്യ ക്ഷപ്പെട്ടു. അദ്ദേഹം തിരുനബി(സ)യെ ആ മൃഗത്തിനു മുകളിൽ കയറ്റുകയും, ജറുസലേമിലേക്ക് പോകുവാൻ ആവശ്യപ്പെടുകയും ചെയ്തു. ആ മൃഗത്തിന്റെ ഓരോ കാല്വെയ്പ്പും അനേകം കാത ങ്ങൾ താണ്ടത്തക്ക വിധം ശക്തിയേറിയതും, നീണ്ടതുമായിരുന്നു. ജറുസലേമിൽ എത്തിയ തിരുനബി(സ) വിശുദ്ധദേവാലയത്തിൽ പ്രവേശിക്കുകയും തനിക്ക് മുൻപ് കടന്നുപോയ പ്രവാചകന്മാരെ കാണുകയുമുണ്ടായി. ഇബ്റാഹിം(അ), മൂസാ (അ), ഈസാ (അ) തുടങ്ങിയ പ്രവാചകരെ അദ്ദേഹം അവിടെ കണ്ടുമുട്ടി. അവിടെ തിരുനബി(സ)യുടെ നേതൃത്വത്തിൽ, മറ്റു പ്രവാചകന്മാർ നമസ്ക്കാ രമനുഷ്ഠിയ്ക്കുകയുമുണ്ടായി.

നമസ്ക്കാരത്തിനു ശേഷം ജിബ്രീൽ(അ) തിരുനബി(സ)യുടെ സന്നിധിയിൽ രണ്ടു കപ്പുകൾ–ഒന്നിൽ പാലും, മറ്റേതിൽ

വീണ്ടും-സമർപ്പിച്ചു. അവയിൽ നിന്നും തിരുനബി(സ) പാൽ ഒഴിച്ചു വച്ച കപ്പ് തെരഞ്ഞെടുത്തു. ഇതു കണ്ട് ജിബ്രീൽ(അ) പറഞ്ഞു. താങ്കൾ മനുഷ്യരുടെ സ്വഭാവം പഠിപ്പിച്ചിരിക്കുന്നു. അതിൻ പ്രകാരം താങ്കൾ പ്രവർത്തികൾ കാട്ടുകയും ചെയ്തു. താങ്കൾ വീഞ്ഞു നിറച്ച കപ്പെടുത്തിരുന്നുവെങ്കിൽ താങ്കളുടെ ശിഷ്യനും (നശിച്ച് നരകത്തിൽ) നാശത്തിൽ അകപ്പെടേണ്ടതായിരുന്നു.

ഒരു റിപ്പോർട്ടനുസരിച്ച്, ജിബ്രീൽ(അ) തന്നെയാണ് ബുറാഖ്-ന്റെ കടിഞ്ഞാൺ പിടിച്ചു കൊണ്ട് തിരുനബി(സ)യുടെ അരികിക്കേ് വന്നത്. തിരുനബി(സ)അതിന്റെ പുറത്ത് സവാരിക്ക് ശ്രമിച്ചപ്പോൾ അത് കുതറാൻ ശ്രമിച്ചു. അപ്പോൾ ജിബ്രീൽ(അ) പറഞ്ഞു. ശാന്തനാകൂ ബുറാഖ്. നിന്റെ പുറത്ത് സവാരി ചെയ്യാൻ പോകുന്ന ആളെക്കാൾ മഹാനായ മറ്റൊരാളില്ല. ഇതുകേട്ട ബുറാഖ് ശാന്തനായി. അതിനുശേഷം തിരുനബി(സ) ബുറാഖിന്റെ, പുറത്തേക്കു പോവുകയും ചെയ്തു. വഴിയ്ക്ക് വൃദ്ധയായ ഒരു സ്ത്രീയെ അവർ കാണുകയും, ആ വൃദ്ധ, ജിബ്രീൽ(അ)യോട് കൂടെയുള്ളത് ആരാണ് എന്നു ചോദിക്കുകയും ഉണ്ടായി. ജിബ്രീൽ(അ) ആ ചോദ്യത്തിനു മറുപടി നല്കാതെ തിരുനബി(സ)യോട് വേഗം പോകൂ. വേഗം പോകു എന്നു പറയുക മാത്രം ചെയ്തു. അധിക ദൂരം യാത്ര ചെയ്യുന്നതിനു മുമ്പേ അവർ മറ്റൊരു ശബ്ദം കേട്ടു. മുഹമ്മദ്, ഇതുവഴി. പക്ഷേ, ജിബ്രീൽ(അ) തിരുനബി(സ) യോട് അവഗണിയ്ക്കുവാൻ അപേക്ഷിച്ച്, വേഗത കൂട്ടുവാൻ ആവശ്യപ്പെട്ടു. കുറച്ചു മുന്നോട്ട് പോയപ്പോൾ ഒരുകൂട്ടം ആൾക്കാർ അവരെ അഭിമുഖീകരിച്ചുകൊണ്ട് ഇപ്രകാരം ആശംസിക്കുകയുണ്ടായി. താങ്കൾ ആദ്യത്തെയാളാകുന്നു, താങ്കൾ അവസാനത്തെ ആളാകുന്നു. താങ്കൾക്ക് ശാന്തിയും സമാധാനവും ഉണ്ടാകട്ടെ. അപ്പോൾ ജിബ്രീൽ(അ) തിരുനബി(സ)യോട് ആ സലാം മടക്കിപ്പറയുവാൻ നിർദ്ദേശിച്ചു. വീണ്ടും അവർ യാത്ര തുടർന്നു. കുറച്ചു ദൂരം മുന്നോട്ട് പോയപ്പോൾ നേരത്തെ കണ്ട ഒരു സംഘം ആളുകളെ അവർ വീണ്ടും കണ്ടുമുട്ടി. അവരുടെ സലാം മടക്കിയ തിരുനബി(സ) യാത്ര തുടർന്നു. കുറച്ചു മുന്നോട്ടു പോയപ്പോൾ ഈ കണ്ട സംഘത്തെ മൂന്നാമതും കാണുകയും, സലാം പറയലും, വീട്ടലും ആവർത്തിക്കുകയും ചെയ്തു. തിരുന

ബി(സ) ജറുസലേമിൽ എത്തിയപ്പോൾ ജിബ്രീൽ(അ) അദ്ദേഹത്തിനു മുന്നിൽ മൂന്നുകപ്പുകൾ-ഒന്നിൽ വെള്ളം, രണ്ടാമത്തേതിൽ വീഞ്ഞ്, മൂന്നാമത്തേതിൽ പാൽ-നല്കുകയുണ്ടായി. തിരുനബി(സ) അവയിൽ നിന്നും പാൽ ഒഴിച്ചകപ്പ് സ്വീകരിക്കുകയും ബാക്കിയുള്ളവ നിരാകരിക്കുകയും ചെയ്തു. അപ്പോൾ ജിബ്രീൽ(അ) അദ്ദേഹത്തോട് പറഞ്ഞു. താങ്കൾ മനുഷ്യരുടെ പ്രകൃതം മനസ്സിലാക്കി പ്രവർത്തിച്ചു. താങ്കൾ വീഞ്ഞു തെരെഞ്ഞെടുത്തിരുന്നുവെങ്കിൽ താങ്കളുടെ ജനങ്ങൾ നാശത്തിൽ അകപ്പെട്ടേനെ

അതിനുശേഷം, മുൻകടന്നുപോയ പ്രവാചകരെല്ലാവരും പ്രത്യക്ഷപ്പെടുകയും തിരുനബി(സ)യുടെ നേതൃത്വത്തിൽ അവരെല്ലാവരും അണിച്ചേർന്ന് നമസ്ക്കരിക്കുകയും ചെയ്തു. നമസ്ക്കാരത്തിനു ശേഷം ജിബ്രീൽ(അ) തിരുനബി(സ) യ്ക്ക് തങ്ങൾ വഴിയിൽ കണ്ട വൃദ്ധ, ഭൗതികലോകത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നും, അവർ കേട്ട ശബ്ദം പിശാചിന്റേതാണ്-ഭൗതീകലോകത്ത് ദൈവത്തിൽ നിന്നും നമ്മെ അകറ്റുന്ന ആകർഷണീയതകളാണെന്നും, അവർ കണ്ട മൂവർസംഘം ഇബ്റാഹിം (അ), മൂസാ (അ), ഈസാ(അ) എന്നീ പ്രവാചകർ ആണെന്നും, അറിയിച്ചു കൊടുത്തു. ഇതിനുശേഷം തിരുനബി(സ) മക്കയിലേക്ക് മടങ്ങി.

**മിഅ്റാജും, ഇസ്റാഅ്-ഉം കൊണ്ടർത്ഥമാക്കുന്നത് എന്താണ്?**

മിഅ്റാജ്, ഇസ്റാഅ്- എന്നിവയോട് അനുബന്ധിച്ച് ഉണ്ടായ സംഭവങ്ങളെയാണ് ഇവകൊണ്ട് അർത്ഥമാക്കുന്നത്. നമ്മൾ ഈ സംഭവങ്ങളുടെ ആന്തരാർത്ഥങ്ങൾ ശരിയായി വിശകലനം ചെയ്യുമ്പോൾ ഇതുസംബന്ധമായ യാതൊരുവിധ സംശയങ്ങളും നമ്മിൽ അവശേഷിക്കുകയില്ല. കാരണം അവ ബാഹ്യമായ വീക്ഷണകോണിലല്ല നോക്കിക്കാണേണ്ടത്. അവ ദർശനങ്ങളുടേയും ആത്മീയാനുഭവങ്ങളുടേയും തലത്തിൽ സംഭവിച്ച സംഗതികളാണ്. അത് മാനവസമൂഹത്തിൽ തിരുനബി(സ)യുടെ ശ്രേഷ്ടതയെ സൂചിപ്പിക്കുന്നതും, അദ്ദേഹത്തിന്റെ ജനങ്ങൾ സമൂഹത്തിൽ നേടുവാൻ പോകുന്ന മാന്യസ്ഥാനത്തെയും, പ്രാമുഖ്യത്തെയും എടുത്തുകാട്ടുന്നതിനും വേണ്ടിയുള്ളതാകുന്നു. സ്വർഗ്ഗത്തിൽ മറ്റു പ്രവാചകന്മാർക്ക് അനുവദിച്ചിരിക്കുന്ന സ്ഥാനങ്ങളെക്കാൾ ഉയർന്ന മണ്ഡലത്തിലേക്ക് അദ്ദേഹത്തെ ഉയർത്തിയതും, മുൻകടന്നുപോയ പ്രവാ

ചകന്മാരെ പിന്നിൽ അണിനിരത്തി തിരുനബി(സ) നമസ്ക്കാരത്തിനു നേതൃത്വം നല്കിയതും അദ്ദേഹത്തിന്റെ ശ്രേഷ്ടതയെ സൂചിപ്പിക്കുന്നു.

ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, തിരുനബി(സ) മുൻകടന്നു പോയ പ്രവാചകന്മാരെ കണ്ടുമുട്ടി–അവരിൽ ചിലരുടെ പേരുകൾ എടുത്തുപറയുകയും ചെയ്തിരിക്കുന്നു എന്നതാണ്. അവരുമായി തിരുനബി(സ) പല തരത്തിൽ ബന്ധപ്പെടേണ്ടി വരുമെന്നതിന്റെ സൂചനയാണിത്. അവരിൽ പലരുമായും തിരുനബി(സ)യ്ക്ക് പൂർവ്വിക ബന്ധമുണ്ട്; ഇസ്ലാമിന്റെ ഉയർച്ചാ കാലഘട്ടത്തിൽ മുസ്ലിം കൾക്ക് അവരിൽ ചില പ്രവാചകരുടെ ശിഷ്യവൃന്ദവുമായി ബന്ധം പുലർത്തേണ്ടതായി വരും. അതുമല്ലെങ്കിൽ അവരിൽ ചിലരുടെ എടുത്തുപറയപ്പെട്ടിട്ടുള്ള സ്വഭാവമഹിമയിൽ തിരുനബി(സ)അവരെക്കാൾ ഒരു പടി മുന്നിൽ കടന്നുപോകും. ഇത്തരത്തിലുള്ള സൂചനകൾ അവയിൽ നിന്നും നമുക്കു ലഭിക്കുന്നു.

പൂർവ്വിക ബന്ധം എന്ന തലത്തിൽ ഹസ്രത്ത് ആദം (അ)ന്റേയും, ഹസ്രത്ത് ഇബ്റാഹീം (അ)ന്റെയും പേരുകൾ എടുത്തുപറയപ്പെട്ടിരിക്കുന്നു. ചില പ്രവാചകരുടെ പിൻതലമുറയുമായി ഇസ്ലാമിന് ബന്ധപ്പെടേണ്ടി വരും എന്ന് കാണിയ്ക്കുന്നതിനായി മൂസാ(അ)യുടെയും, ഈസാ(അ)യുടേയും പേരുകൾ പരാമർശിക്കപ്പെട്ടിരിക്കുന്നു. രണ്ടാമത് പറഞ്ഞ പ്രവാചകൻ ക്രിസ്തുമതത്തിലെ പ്രധാന വ്യക്തിത്വമായി തിളങ്ങുന്നു. മൂസാ നബി(അ) ദൈവീക നിയമങ്ങൾ ക്രോഡീകരിച്ച്, നല്ല രീതിയിലുള്ള മതനിയമ വ്യവസ്ഥ കൊണ്ടു വരികയും, അദ്ദേഹത്തിന്റെ കാലശേഷം, പില്ക്കാലത്ത് ആ നിയമങ്ങളിൽ പലതും ഇസ്ലാമിന് വഴിമാറി നല്കുകയും ചെയ്തിരുന്നു. ഈ രണ്ടു മതങ്ങളിലേയും നിയമവ്യവസ്ഥകൾക്ക് നല്ല സാമ്യം കാണാവുന്നതാണ്. തിരുനബി(സ)യുമായി അവർ കണ്ടുമുട്ടിയപ്പോൾ അവർ നല്കിയവിശേഷണങ്ങൾ–ഒന്നാമത്തെയാൾ (the first) അവസാനത്തെയാൾ (the last)ഒരുമിപ്പിക്കുന്നവൻ (unifier)തുടങ്ങിയ–തിരുനബി(സ)യുടെ മഹത്വത്തെ സൂചിപ്പിക്കുന്നവയാണ് 'ഒരുമിപ്പിക്കുന്നവൻ' എന്ന വിശേഷണം ലഭിക്കുവാനുള്ള കാരണം താഴെപ്പറയുന്നു. തിരുനബി(സ)യ്ക്കു തൊട്ടുമുമ്പുവരെയുള്ള കാലത്ത് പ്രവാചകന്മാരെ നിയോഗിച്ചിരു

ന്നത് ഓരോരൊ സമുദായങ്ങളെ പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെയാണ്. അവർ നല്കിയിരുന്ന സന്ദേശം അതാത് ജനതയ്ക്കു വേണ്ടി മാത്രമുള്ളവയും ആയിരുന്നു. എന്നാൽ തിരുനബി(സ)യുടെ കാലഘട്ടത്തിൽ എല്ലാ തിരുനബി(സ)യ്ക്ക് മാനവരാശിയെ ഒരുമിപ്പിക്കുന്നതിനു വേണ്ടിയുള്ള കല്പനകളും ദൈവീക സന്ദേശങ്ങളുമാണ് ഇറങ്ങിയിരുന്നത്. അങ്ങനെ ലോകജനതയ്ക്ക് ഒറ്റജീവിത ക്രമം കൊണ്ടുവന്നത് തിരുനബി(സ) ആണ്, അതുവഴി ഇസ്ലാം മാനവരാശിയുടെ പ്രശ്നങ്ങളെ പരിഹരിയ്ക്കുന്നതിനും, സർവ്വമനുഷ്യരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും സാധിച്ചു.

പൊതുവെ ചൂണ്ടിക്കാട്ടിയ ഈ അർത്ഥതലങ്ങൾക്ക് അപ്പുറം മിഅ്റാജിനും, ഇസ്റാഅ്-നും അതിന്റേതായ പ്രത്യേകം അർത്ഥതലങ്ങളുമുണ്ട്. മിഅ്റാജ് തിരുനബി(സ)യുടെ ആത്മീയമായ മഹോന്നതിയെയും, തന്റെ ദൈവവുമായി അദ്ദേഹം എത്രത്തോളം അടുത്തു എന്നതിനെയും എടുത്തു കാട്ടുമ്പോൾ, ഇസ്റാഅ് തിരുനബി(സ)യുടെ ഭൗതീകമായ മഹത്വവും, ഭാവിയിൽ ഇസ്ലാം ലോകത്ത് വഹിക്കുവൻ പോകുന്ന പ്രധാന പങ്കും സൂചിപ്പിക്കുന്നു. മിഅ്റാജിന്റെ ലക്ഷ്യസ്ഥാനം-സമാഅ് ആണ്-അതായത് അത്യുന്നത് ദിങ്മണ്ഡലം. ഇസ്റാഅ്-ൽ ലക്ഷ്യസ്ഥാനം ഭൂമിയിലുള്ള ഒരു സ്ഥലവും (ജറുസേലമിലെ വിശുദ്ധദേവാലയമായ മസ്ജിദ് അഖ്സ) മിഅ്റാജിൽ അദ്ദേഹത്തിന്റെ പ്രയാണം അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം ഒന്നുകൊണ്ടുമാത്രമുള്ളതായിരുന്നു-ഒരു ഇടനിലക്കാരനുമില്ലാതെ. എന്നാൽ ഇസ്റാഅ്-യാത്ര സാധ്യമായത് ബുറാഖിന്റെ മേൽക്കയറിയുള്ള സവാരിയിലൂടെയാണ് ഇതു സൂചിപ്പിക്കുന്നത്. ഐഹികലോകവിജയം, ഭൗതീക വസ്തുക്കളിലൂടെ നേടുന്നു എന്നതിനെയാണ്. കുതിരയുടെ നീണ്ടകാൽവെയ്പ്പും, ചക്രവാളം ഭേദിക്കുമാറുള്ള കുതിച്ചോട്ടവും സൂചിപ്പിക്കുന്നത് ഇസ്ലാമിന്റെ ലോകജയം അഥവാ പുരോഗതി അസാധാരണമായതരത്തിലും, തലത്തിലുള്ളതും, അതുല്യവും ആയിരിക്കുമെന്നത്രേ. ചരിത്രം പരിശോധിയ്ക്കുമ്പോൾ അതങ്ങനെ തന്നെയാണ് ഉണ്ടായത് എന്ന് നമുക്ക് മനസ്സിലാക്കാം. ഈ വസ്തുത ആധുനിക കാലഘട്ടത്തിലെ ഓരോ മുസ്ലിമിനും ഒരു പാഠവും പ്രചോദനവുമായിരിക്കണം. മുസ്ലിം

ജനത ഒരിയ്ക്കൽ കൂടി ഒന്നിച്ച് അണിചേരുകയും, ഭൗതീകമായ നേട്ടങ്ങളും ലക്ഷ്യങ്ങളും, താത്പര്യങ്ങളും മാറ്റിവെച്ച് ഏകദൈവാരാധനയിലേക്കും, അവന്റെ കല്പനകൾ അച്ചട്ടായി പാലിക്കുന്നതിലേക്ക് തിരിയുകയും, അതുവഴി ഇസ്ലാമിന് പുരോഗതിയും പ്രൗഢിയും നേടിയെടുക്കുവാൻ ആത്മാർത്ഥമായി പരിശ്രമിയ്ക്കുകയും ചെയ്യേണ്ടതാണ്.

ഇസ്റാഅ് നടന്നത് രാത്രിയിലാണ്. ആലങ്കാരിക ഭാഷയിൽ രാത്രി (അന്ധകാരം) എന്നത് ബദ്ധപ്പാട്, കഷ്ടത, ദുരിതം, പ്രയാസം തുടങ്ങിയവയെ കാണിക്കുന്നു. ഈ വീക്ഷണകോണിൽ നോക്കിയാൽ ഇസ്ലാമിന് മറികടക്കേണ്ടതായ തടസ്സങ്ങളേറെയുണ്ട്. അത് ഇസ്ലാം നിഷ്പ്രയാസം മറികടക്കുകയും, അത്യുന്നത പദവിയിൽ എത്തിച്ചേരുകയും ചെയ്യും. അതാണ് നടത്തിയിട്ടുള്ളത്. ഇൻശാ അല്ലാഹ്, ഇനിയുമങ്ങനെ തന്നെ നടക്കുകയും ചെയ്യും.

ഇസ്റാഅ് യാത്ര ജറുസലേമിലേക്ക് ആയിരുന്നു എന്നതുകൊണ്ട് വിവക്ഷിതമാകുന്നത്-ഇസ്ലാം ആദ്യം സമ്പർക്കത്തിലായത് പ്രാചീന അറേബ്യൻ സംസ്ക്കാരവുമായിട്ടായിരുന്നു എങ്കിൽ അടുത്തതായി സമ്പർക്കത്തിലാകാൻ പോകുന്നത് ക്രിസ്തുമതസംസ്ക്കാരവും, ജൂതസംസ്ക്കാരവും ആയിട്ടായിരിക്കും എന്നതാണ്. അവയുടെ കേന്ദ്രമാണല്ലോ ജറുസലേം നഗരം.

ഹിജ്റയ്ക്കു ശേഷം അധികം വൈകാതെ തന്നെ, ഇസ്ലാം ഈ രണ്ടു മതങ്ങളുമായും-മദീനയിൽ ഉള്ള ജൂതരോടും, കിഴക്കൻ റോമാ സാമ്രാജ്യത്തിലെ ക്രിസ്തുമതാനുയായികളോടും-ആത്മീയവും രാഷ്ട്രീയവും ആയ പോരാട്ടങ്ങൾക്ക് തുടക്കം കുറിച്ചു.

## മിഅ്റാജ്, ഇസ്റാഅ് തീയതികൾ

മിഅ്റാജ്, ഇസ്റാഅ് സംഭവങ്ങൾ നടന്ന തീയതികൾ സംബന്ധിച്ച് ചരിത്രകാരന്മാർ വിവിധ അഭിപ്രായങ്ങളാണ് മുന്നോട്ട് വെക്കുന്നത്. പൊതുവേ ഹിജ്റയോട് അടുത്തുള്ള തീയതികളാണ് അംഗീകരിയ്ക്കപ്പെട്ടിട്ടുള്ളത്, ഹദീസ് ഗ്രന്ഥങ്ങളിൽ മുഖ്യമായി പരിഗണിയ്ക്കപ്പെടുന്ന ബുഖാരിയിലും ഇതേ അഭിപ്രായമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ബദുൽ-ഖൽവ്)


അഭിപ്രായ വ്യത്യാസങ്ങളില്ലാതെ, ഹിജ്റയ്ക്ക്, തൊട്ട് ഒരു

വർഷം മുമ്പാണ്, ഈ രണ്ട് സംഭവങ്ങളും നടന്നിരിക്കുന്നത് എന്ന് നമുക്ക് ഉറപ്പിയ്ക്കാം. അതായത് തിരുനബി(സ)യുടെ കാലത്ത് 12–ാം വർഷത്തിനും 13–ാം വർഷത്തിനും മധ്യേ മിഅ്റാജ് യാത്ര കഴിഞ്ഞ് അല്പം കഴിഞ്ഞാണ്, ഇസ്റാഅ് യാത്ര നടന്നത് എന്നതിന് തെളിവുകൾ ലഭ്യമാണ്.

## പ്രാർത്ഥന

സർവ്വശക്തനായ അല്ലാഹു അവന്റെ അപാരമായ അറിവിൽ നിന്നും, നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും, ഇസ്റാഅ് മിഅ്റാജ് സംഭവങ്ങളെ തരംതിരിച്ച് മനസ്സിലാക്കേണ്ടതിന്റെ ആവശ്യകത നമ്മെ മനസ്സിലാക്കിത്തരികയും, ഇവ രണ്ടിനെയും പറ്റി കള്ളം പറയാതിരിക്കുകയും ചെയ്യുമാറാകട്ടെ. ഇത്തരുണത്തിൽ തിരുനബി(സ)യുടെ വാക്കുകൾ (ബുഖാരി, മുസ്ലിം– റിപ്പോർട്ട് ചെയ്യപ്പെട്ടത്) ഓർമ്മയിൽ സൂക്ഷിയ്ക്കാം. എന്നെപ്പറ്റി സ്വയമേവ കള്ളം പറയുന്നവൻ, നരകാവകാശിയാകുവാൻ തയ്യാറെടുത്തു കൊള്ളട്ടെ.

അല്ലാഹു(ത) നമുക്കെല്ലാവർക്കും ഒരല്പവും അതിൽ കൂടുതലും ബുദ്ധി നല്കി അനുഗ്രഹിച്ചിരിക്കുന്നു. നമുക്കത് സത്യം കണ്ടെത്തുന്നതിനും അത് സ്ഥാപിച്ചെടുക്കുന്നതിനും വേണ്ടി ഉപയോഗപ്പെടുത്തണം. മിഅ്റാജ് – ഇസ്റാഅ് സംബന്ധിച്ച ഈ പ്രസംഗം എല്ലാവർക്കും ഒരു അറിവിന്റെ പ്രകാശമായി വർത്തിയ്ക്കുമാറാകട്ടെ ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*